# Mathrubhumi

# 23 August 2018

# Kochi, Assistance, Flood-hit Area



## പ്രളയബാധിത മേഖലയിലേക്ക് കൊച്ചിയുടെ സഹായം

**കൊച്ചി** ▶ കൊച്ചി നഗരസഭ ശേഖരിച്ച ഭക്ഷ്യവസ്തുക്കളും വസ്ത്രങ്ങളും ആലുവയിലെ ദുരിതബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തു. 10 കിലോയുടെ 250 കിറ്റുകൾ ആലുവ എം.എൽ.എ. അൻവർ സാദത്തിനെ ഏർപ്പിച്ചു. കൊച്ചിയിലെ പ്രളയബാധിതമായ 22 ഡിവിഷനുകളിൽ 450 കിറ്റുകൾ വിതരണം ചെയ്തു. പരിസര ശുചീകരണത്തിനുള്ള ലായനികളും കൗൺസിലർമാർ മുഖേന വിതരണം ചെയ്തു.

പരിപാടിക്ക് എ.ബി. സാബു, വി.കെ. മിനിമോൾ, സെക്രട്ടറി എ.എസ്. അനുജ എന്നിവർ നേതൃത്വം നൽകി.